

# മഞ്ഞുതുള്ളികൾ ഉരുകുന്നത് ചിന്തകൾക്ക് ചൂടേറുമ്പോഴാണ്

ഒന്നുമില്ലായ്മയുടെ ശൂന്യതയിൽ നിന്നുമാണ് എന്തെങ്കിലും രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നത്. എന്തെങ്കിലും രൂപപ്പെടുമ്പോഴാകട്ടെ, അതിന് തുടർച്ച വേണമെന്ന ആഗ്രഹവും ഉണ്ടാകുന്നു. ചിലരിതിന് അത്യാഗ്രഹമെന്നും മണ്ടത്തരമെന്നുമൊക്കെ വിളിച്ചേക്കാം. പക്ഷേ ഫാറൂഖാബാദിന്റെ തണലിലിരുന്ന് ഇതെഴുതുമ്പോൾ ചരിത്രത്തിന്റെ ആധികാരികതയും സത്യത്തിന്റെ പിൻബലവുമുള്ള ഒരു യാഥാർത്ഥ്യമാണത്.

സ്വാതന്ത്ര്യ സമരത്തിന്റെ തീച്ചൂളകൾക്കിടയിലെപ്പൊഴോ പിന്നാക്കത്തിന്റെ മുദ്രചാർത്തപ്പെട്ട ഒരു സമൂഹം. പിറന്ന മണ്ണിനു വേണ്ടി സർവ്വതും സമർപ്പിച്ചപ്പോൾ, രക്തവും ജീവനുമടക്കം എല്ലാം ദാനം ചെയ്തപ്പോൾ, സ്വപ്നം കാണാനുള്ള അവകാശം പോലും നഷ്ടപ്പെട്ട ഒരു സമൂഹം. 1947-ൽ ഇന്ത്യ സ്വതന്ത്രമായപ്പോഴും ചങ്ങലക്കെട്ടുകൾക്കിടയിൽ നിന്നും മോചനം ലഭിക്കാത്ത ഒരു സമൂഹം. അതെ,

ഇവിടെ നിന്നുമാണ് മഹാരഥന്മാരായ നേതാക്കൾ തകർന്നിടിയുന്ന ഒരു ജനതക്ക് സ്വപ്നം കാണാൻ കണ്ണുകൾ നൽകിയത്. മൂലധനമായി ഒരു സമുദായത്തിന്റെ കരിഞ്ഞുപോയ ചിറകിന്റെ ചാരം മാത്രമേ ഉള്ളൂ എന്ന് ഉത്തമ ബോധ്യമുണ്ടായിട്ടും കാടുമൂടിക്കിടന്നിരുന്ന ഇരുമൂളിപ്പറമ്പിൽ അലാവുദ്ദീന്റെ അത്ഭുത വിളക്കിൽ നിന്നെന്നപോലെ 1948-ൽ ഫാറൂഖ് കോളേജ് സ്ഥാപിതമായത് അടിച്ചമർത്തപ്പെട്ടവന്റെ ഉള്ളിൽ നിന്നും പുറത്തേക്ക് വന്ന ജീവിക്കാനുള്ള ത്വരയായിരുന്നു.

ആറ് പതിറ്റാണ്ടുകൾക്കപ്പുറം ഒരു ജനതയുടെ ഉൾതുടിപ്പുകൾ മനസ്സിലാക്കി, അവർക്കുവേണ്ടി സ്വജീവൻ സമർപ്പിക്കാൻ മൗലാനാ അബുസ്സബാഹ് അഹമ്മദലി മൗലവിക്കും സീതിസാഹിബിനും എം.വി ഹൈദ്രോസ് വക്കീലിനുമൊക്കെ ഊർജ്ജം നൽകിയ സാമൂഹ്യബോധം. അതേ സാമൂഹ്യബോധമാണ്, കർത്തവ്യമാണ് ഞങ്ങൾക്കും നിർവ്വഹിക്കാനുള്ളത്. ഞങ്ങളുടെ ചിന്തകളിൽ സമൂഹത്തിന്റെ നെറികേടുകൾക്കെതിരെയുള്ള പ്രതിഷേധമുണ്ട്, സൽപ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനങ്ങളുണ്ട്.

ഞങ്ങളുടെ വാക്കുകളെ കുഞ്ഞുവായിലെ വലിയ വർത്തമാനമെന്നോ യുവത്വത്തിന്റെ പൊട്ടിത്തെറിയെന്നോ ഒക്കെ പറഞ്ഞ് നിങ്ങൾ നിസ്സാരമായി കേട്ടേക്കാം. ഞങ്ങളുടെ പ്രവർത്തനങ്ങളെ പക്വതയില്ലായ്മയുടെ എടുത്തു ചാട്ടമെന്ന് വിളിച്ചേക്കാം. പക്ഷേ തളരാൻ ഞങ്ങൾക്കാവില്ല, തോൽക്കാൻ ഞങ്ങൾക്ക് മനസ്സില്ല.

അക്കാദമിക നേട്ടങ്ങളുടെ കഥ വാതോരാതെ പറയുമ്പോൾ, കലാ-കായിക മേഖലയിലെ മികവിന്റെ സർട്ടിഫിക്കറ്റുകൾ ഉയർത്തിപ്പിടിച്ച് 'എത്ര മനോഹരം'



എന്ന് പറയുമ്പോൾ, രാഷ്ട്രീയത്തിന്റെ വേലിക്കെട്ടിനുള്ളിൽ വിജയത്തിന്റെ, വിപ്ല വത്തിന്റെ കഥ പറയുമ്പോൾ നിങ്ങൾ മനഃപൂർവ്വം മറന്നുകളയുന്ന ചിലരുണ്ട്. ഞങ്ങൾക്ക് അവരെപ്പറ്റി പറയാതിരിക്കാൻ വയ്യ.

പ്രതിഷേധത്തിന്റെ, വിസമ്മതത്തിന്റെ മാത്രം വക്താക്കളാണ് ഞങ്ങളെന്ന് തെറ്റിദ്ധരിക്കരുത്. പണ്ട് പണ്ട് ഒരു മഴക്കാലത്ത് മുറ്റത്ത് കെട്ടിനിൽക്കുന്ന വെള്ള ത്തിൽ കടലാസ് തോണിയുണ്ടാക്കി കളിച്ചതും, ഓട്ടിൻ പുറത്തുനിന്നും വീണ വെള്ളത്തിൽ കടലാസുതോണി മുങ്ങിയപ്പോൾ കരഞ്ഞതുമെല്ലാം ഓർത്തെടു ക്കാൻ ഞങ്ങൾ സമയം കണ്ടെത്തിയിരിക്കുന്നു. വളപ്പൊട്ടു പെറുക്കിയും കൊത്തം കല്ലു കളിച്ചും കക്കു ചാടിയും മഞ്ചാടിക്കുരു പൊട്ടിച്ചും നടന്ന ബാല്യകാല ത്തിന്റെ മധുരമൂറും ഓർമകളായി പങ്കെവെക്കുന്നു. ഒപ്പം സിനിമയിലും സാഹിത്യ ത്തിലും ബാല്യത്തെ ചിത്രീകരിച്ചത് എങ്ങനെയെന്ന് പരിശോധിക്കാനും ഞങ്ങൾ ശ്രമിച്ചിരിക്കുന്നു. മലബാറിലെ പ്രശസ്തമായ നാലു കാമ്പസുകളിൽ നടത്തിയ ചർച്ചാപരമ്പരയിലൂടെ ഞങ്ങളുടെ തൂലികയിൽ പതിഞ്ഞത് സത്യത്തിന്റെ, അനുഭവങ്ങളുടെ ഓർമകളായിരുന്നു.

ഒരു വിദ്യാർത്ഥിയിൽ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ ഒരു കാമ്പസിനുള്ള പങ്ക് മനസ്സിലാക്കാനും ഞങ്ങൾ ശ്രമിക്കുകയുണ്ടായി. സമൂഹം ആദരിക്കുന്ന പ്രതി ഭകളായി മാറിയ നാല് പൂർവ്വവിദ്യാർത്ഥികളുമായി നടത്തിയ കൂടിക്കാഴ്ചകളി ലൂടെ ഫാറൂഖാബാദിന്റെ മഹത്വം ഞങ്ങൾ തിരിച്ചറിയുകയായിരുന്നു.

നീണ്ടു നീണ്ടു പോകുന്ന വഴിയിൽ കാഴ്ചകൾ അവ്യക്തമാകുന്നു... പ്രതീ ക്ഷിക്കാതെയെത്തിയ തിരിനാളം ഓർമകൾക്ക് നിറച്ചാർത്തേകുന്നു... ചാലിയാ റിന്റെ തീരത്തുനിന്നും ഓടിയെത്തുന്ന ഇളം കാറ്റിന് നഷ്ടപ്പെടലുകളുടെ താളമാ കാം.... വിരഹത്തിന്റെ കൈയും പിടിച്ച് രാജാഗേറ്റും കടന്ന് യാത്രയാകുമ്പോൾ പിന്നിൽ കൊട്ടിഘോഷിച്ച ഒരു കാലത്തിന്റെ നിലക്കാത്ത താളമുണ്ട്... അസഹ്യ മായ മൗനം ഉപേക്ഷിച്ച് ശബ്ദങ്ങളുടെ ലോകത്തായവരുടെ കഥ... ഒന്നും അവസാ നിക്കുന്നില്ല... കാലാന്തരങ്ങളായുള്ള യാത്രയിൽ എല്ലാം തുടർന്നുകൊണ്ടേയി രിക്കും...

മരവിപ്പിന്റെ മഞ്ഞുപാളികൾക്കിടയിൽ നിന്ന് പ്രത്യാശയുടെ ഒരിറ്റു തുള്ളി വെള്ളമെങ്കിലും ബാഷ്പമാവാതെ അവശേഷിച്ചാൽ, കരയാൻ മറന്നവർക്കി ടയിൽ നിന്ന് ഒരിറ്റു കണ്ണുനീർ തുള്ളിയെങ്കിലും പൊടിഞ്ഞാൽ, ചിരിക്കാൻ വെമ്പുന്ന ചുണ്ടുകളിൽ നേർത്ത ചലനമെങ്കിലും വന്നാൽ, മുമ്പേ നടന്ന മഹാരഥ ന്മാരായ നേതാക്കൾ കൊളുത്തിയ വെളിച്ചത്തെ മാറോട് ചേർത്ത് അണക്കാതെ സൂക്ഷിച്ചാൽ, നഷ്ടമാകുന്ന തലമുറകളുടെ ചങ്ങലകളെ നമുക്ക് പൊട്ടിച്ചെ റിയാം... ആദർശത്തെ കൈവിടാതെ സൂക്ഷിച്ച് സമൂഹ നന്മക്ക് വേണ്ടി ത്യാഗം ചെയ്യാം..

സ്നേഹത്തോടെ,

മാഗസിൻ സമിതി പ്രവർത്തകർ

ഫാറൂഖ് കോളേജ് സ്റ്റുഡന്റ്സ് യൂണിയൻ